**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സമാശ്വാസ തൊഴിൽദാന പദ്ധതി- കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)- യുടെ കീഴിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഡ്രൈവറായിരുന്ന പരേതനായ പി. സി. ഉണ്ണികൃഷ്ണന്റെ മകൻ ശ്രീ.ഷൈജു യു.-വിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം നല്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്

സ.ഉ. (എം.എസ്) നം.55/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 27/05.2019.

---

പരാമർശം:- 1. 30.12.1991 -ലെ ജി.ഒ.(പി) 45/91/പി &എ.ആർ.ഡി നമ്പർ ഉത്തരവ്.

2. 12.08.1996 -ലെ ജി.ഒ.(പി) 460/96-ാം നമ്പർ വിജ്ഞാപനം.

3. (എ) 24.05.1999- ലെ ജി.ഒ.(പി) 12/1999 /പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
(ബി) 18.11.1999 -ലെ ജി.ഒ.(പി) 24/1999 /പി &എ.ആർ.ഡി നമ്പർ ഉത്തരവ്.

4. 07.01.2005-ലെ ജി.ഒ.(എം.എസ്) 12/2005/തസ്വഭവ നമ്പർ ഉത്തരവ്.

5. 12.04.2010- ലെ ജി.ഒ.(പി) നം. 14/2010/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

6. 23.07.2013- ലെ ജി.ഒ.(എം.എസ്) 21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

7. 29.08.2013- ലെ ജി.ഒ.(എം.എസ്) നം.24/2013/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

8. 26.09.2014 ലെ ജി.ഒ.(പി) നം. 33/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

9. ശ്രീ. ഷൈജു.യു 03.11.2016, 14.11.2018 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷ.

10. ക്രൂസ് സെക്രട്ടറിയുടെ 29.12.2016, 21.11.2018, 15.02.2019, 06.03.2019 എന്നീ തീയതികളിലെ എ/1652/2016 നമ്പർ കത്തുകൾ.

11. 21.02.2018-ലെ സ.ഉ. (കൈയെഴുത്ത്)നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

12. 07.07.2018-ലെ പാലക്കാട് ജില്ലാ കളക്ടറുടെ A3-2018/13628/9 നമ്പർ കത്ത്.

**ഉത്തരവ്**

കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)- യുടെ കീഴിൽ പാലക്കാട് പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 31.03.2016- ൽ അന്തരിച്ച പി. സി. ഉണ്ണികൃഷ്ണൻ എന്നയാളുടെ മകൻ ശ്രീ.ഷൈജു യു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച പരാമർശം (9) -ലെ 03.11.2016-ലെ അപേക്ഷ പരാമർശം (10) - ലെ 29.12.2016-ലെ കത്തു പ്രകാരം ക്രൂസ് സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പരാമർശം (12)-ലെ കത്തു പ്രകാരം ജില്ലാ

കളക്ടർ ടി അപേക്ഷ ശുപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് സഹിതം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) മരണമടഞ്ഞ ജീവനക്കാരന് 27 വർഷവും 10 മാസവും 15 ദിവസവും സർവ്വീസുണ്ടായിരുന്നു. പരേതന്റെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകിയിട്ടില്ല. ശ്രീ.ഷൈജുവിന്റെ ജനനത്തീയതി 25.04.1982 ആണ്. എസ്.എസ്.എൽ.സി.യും ഡ്രൈവിംഗും പാസായിട്ടുണ്ട്. ആശ്രിതനിയമനം ലഭിക്കുന്ന പക്ഷം പരേതന്റെ ആശ്രിതരെ മരണം വരെ സംരക്ഷിച്ചുകൊള്ളാമെന്ന് സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന് ജോലി നല്കുന്നതിന് സമ്മതമാണെന്ന് അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമലക്ഷ്മി മുദ്രാലയം ജീവനക്കാരുടെ സർവീസ് റൂൾസ് അംഗീകരിച്ച നല്കിയ പരാമർശം (4)-ലെ ഉത്തരവിലെ വ്യവസ്ഥ 30 (2) പ്രകാരം , ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ സ്ഥിരം ജീവനക്കാർക്ക് സേവനത്തിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിത നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ, പൊക്കത്ത് ഹൗസ്, പാണ്ടിയോട്, കണ്ണാടി പോസ്റ്റിലെ ശ്രീ ഷൈജു.യു-ന് കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പരാമർശം (3) ഉത്തരവിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പകർപ്പ് നിയമനാധികാരി പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ അപേക്ഷകന് കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിലവിലുള്ളതോ ഒഴിവു വരുന്നതോ ആയ ഡ്രൈവർ തസ്തികയിൽ പാലക്കാട് ജില്ലയിൽ നിയമനം നൽകേണ്ടതാണ്. ഈ നിയമങ്ങളെല്ലാം പരിശോധിച്ചതിനു ശേഷം കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി സെക്രട്ടറി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പിൽ അയച്ചു തരേണ്ടതുമാണ്.

4) അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

5) പരാമർശം (1) -ലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ ജനനത്തീയതി സംബന്ധിച്ച് സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**നാഗേന്ദ്രൻ വി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഷൈജു.യു., പൊക്കത്ത് ഹൗസ്, പാണ്ടിയോട്, കണ്ണാടി പി.ഒ. പാലക്കാട്.(രജിസ്റ്റേർഡ് തപാൽ മുഖേന)
ജില്ലാകളക്ടർ, പാലക്കാട്.
സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ. / ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ. & ഇ, ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Anjulal

സെക്ഷൻ ഓഫീസർ.